പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1219 30.09.2016-ലെ മറുപടിക്ക്

## 2015-ലെ സി. ആന്റ് എ.ജി റിപ്പോർട്ട്

**ചോദ്യം**

ശ്രീ. എം. ഉമ്മർ

**ഉത്തരം**

ശ്രീ. എ.കെ. ശശീന്ദ്രൻ
(ഗതാഗത വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | 2015-ലെ സി ആന്റ് എ.ജി. റിപ്പോർട്ടിൽ, ഏറ്റവും അധികം നഷ്ടമുണ്ടാകുന്ന പൊതുമേഖലാ സ്ഥാപനം കെ. എസ്. ആർ. ടി. സി.-യാണെന്ന് ചൂണ്ടിക്കാട്ടിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഉണ്ട്. |
| (ബി) | ജീവനക്കാരുടെ അവകാശങ്ങൾ കവർന്നെടുക്കാതെ തന്നെ കഴിഞ്ഞ രണ്ട് വർഷത്തിൽ പ്രസ്തുത സ്ഥാപനത്തിന്റെ ചെലവിനത്തിൽ എന്തു കുറവ് വരുത്താനായി ; വിശദമായ റിപ്പോർട്ട് ലഭ്യമാക്കാമോ; | (ബി) | കെ.റ്റി.ഡി.എഫ്.സി.യിൽ നിന്നും കാലാകാലങ്ങളിൽ എടുത്തിരുന്ന 1,300 കോടി രൂപയുടെ വായ്പ വാണിജ്യ ബാങ്കുകളുടെ ഒരു കൺസോർഷ്യം രൂപീകരിച്ച് താരതമ്യേന കുറഞ്ഞ പലിശ നിരക്കിലും കൂടിയ കാലാവധിയിലുമായി പുനഃക്രമീകരിച്ചതു മൂലം പ്രതിമാസം ഏകദേശം 36 കോടി രൂപ വായ്പാ തിരിച്ചടവിൽ കുറവും പലിശയിൽ ഉണ്ടായ കുറവുമൂലം പ്രതിവർഷം 37 കോടിയോളം രൂപ ലാഭിക്കുവാനും കഴിഞ്ഞിട്ടുണ്ട്. |
| (സി) | പ്രസ്തുത സ്ഥാപനത്തിലേക്ക് ഡെപ്യൂട്ടേഷനിൽ വരുന്നവരുടെ വേതനനിരക്കിലേതിന് തുല്യമായ സേവനം ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കിയിട്ടുണ്ടോ; വിശദീകരിക്കാമോ? | (സി) | ഡെപ്യൂട്ടേഷനിൽ വരുന്നവർക്ക് കെ.എസ്. ആർ.റ്റി.സി.യിലെ നിലവിലുള്ള ഒരു ലാവണത്തിലാണ് നിയോഗിക്കുന്നത്. ടി ലാവണത്തിൽ അവർ അവരുടെ ജോലി നിർവഹിച്ചില്ലായെങ്കിൽ ബന്ധപ്പെട്ട മേലധികാരി ടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്. അത്തരത്തിൽ റിപ്പോർട്ടുകൾ ഒന്നും ലഭിച്ചിട്ടില്ല. നിലവിൽ കെ.എസ്.ആർ.റ്റി.സി. യിലെ ജീവനക്കാർക്ക് ലഭിച്ചുവരുന്ന |

| | | | |
|---|---|---|---|
| | | | വേതനവും, ആനുകൂല്യങ്ങളും മറ്റുള്ള സ്ഥാപനങ്ങൾ പ്രത്യേകിച്ച് ഗവഃ ഡിപ്പാർട്ടുമെന്റുകളേക്കാൾ കുറവായതിനാൽ ഡെപ്യൂട്ടേഷനിൽ വരുന്നവരുടെ സേവന വേതന നിരക്ക് താരതമ്യം ചെയ്യാൻ കഴിയുന്ന തരത്തിലല്ല. |

സെക്ഷൻ ഓഫീസർ